ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം .MWD/387/2026-S തീയതി.03-11-2026

രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IITs/IIMs/IISc/IMSc - കളിൽ അഡ്മിഷൻ ലഭിച്ച ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 2026-27 അപേക്ഷ ക്ഷണിക്കുന്നു.

വിജ്ഞാപനം

രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IITs/IIMs/IISc/IMSc കളിൽ അഡ്മിഷൻ ലഭിച്ച ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു.

2026-27 സാമ്പത്തിക വർഷം രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IITs/IIMs/IISc/IMSc കോഴ്സുകളിൽ ഉപരി പഠനം (PG/Ph.D) നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട (മുസ്ലിം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) സ്കോളർഷിപ്പ് അനുവദിക്കുന്നത്.

അപേക്ഷകർ ബന്ധപ്പെട്ട യോഗ്യതാ പരീക്ഷയിൽ (ഡിഗ്രി/ബി.ഇ/ബി.ടെക്) 55% മാർക്ക് നേടിയിരിക്കണം.

ഐഐടികളിലും, ഐഐഎമ്മുകളിലും, ഐ.ഐ.എസ്.സി കളിലും രണ്ടു വർഷത്തെ ബിരുദാനന്തര ബിരുദം പഠിക്കുന്ന ഒന്നാം വർഷ വിദ്യാർത്ഥികൾക്കും രണ്ടാം വർഷ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഒന്നാം/രണ്ടാം/മൂന്നാം/നാലാം/അഞ്ചാം വർഷ IMSc വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുണ്ട്.

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകരെ പരിഗണിച്ചതിനുശേഷം മാത്രമേ എ.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള വിദ്യാർത്ഥികളെ പരിഗണിക്കുകയുള്ളൂ.

കേരളത്തിലെ സ്ഥിരതാമസക്കാരായ/കേരളത്തിൽ ജനിച്ച ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട

File No. MWD/387/2026-S (Computer No. 208731)
Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:50 PM

വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികളേയും സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്.

ഒരേ കുടുംബ വാർഷിക വരുമാനം വരുന്ന വിദ്യാർത്ഥികളിൽ നിന്നും ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥിയ്ക്കായിരിക്കും സ്കോളർഷിപ്പിന് മുൻഗണന നൽകുക.

തെരഞ്ഞെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിയ്ക്ക് കോഴ്സ് കാലാവധിക്കുള്ളിൽ ഒറ്റ തവണയായി 50,000/- രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

മുൻ വർഷങ്ങളിൽ വകുപ്പിൽ നിന്നും പ്രസ്തുത സ്കോളർഷിപ്പ് ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല. കൂടാതെ മറ്റു വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ നിന്നും ഇതേ കോഴ്സുകൾക്ക് സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾ പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതില്ല.

അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

www.mwdscholarship.kerala.gov.in **– എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.**

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 30.11.2026.

ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ അപ്ലോഡ് ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും **05.12.2026**-നുള്ളിൽ വകുപ്പിലേക്ക് നേരിട്ടോ/തപാൽ മാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ **0471-2300523, 0471-2300524** എന്ന നമ്പറുകളിൽ ലഭ്യമാകുന്നതാണ്

1. **Indian Institute of Technology(IITs) കോഴ്സ് വിവരങ്ങൾ**

Sl. No.	Course	Duration	Eligibility/ Selection Criteria
1	മാസ്റ്റർ ഓഫ് സയൻസ് (എം.എസ്.സി/എം.എസ്)	2 വർഷം	യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം (ബിരുദം/തത്തുല്യം)

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:50 PM

2	മാസ്റ്റർ ഓഫ് സയൻസ് - എഞ്ചിനീയറിംഗ് (എം.എസ്)	2 വർഷം	യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം (ബിരുദം/തത്തുല്യം)
3	മാസ്റ്റർ ഓഫ് ടെക്നോളജി (എം.ടെക്)	2 വർഷം	യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം(ബിരുദം/തത്തുല്യം)
4	മാസ്റ്റർ ഓഫ് ആർട്സ്	2 വർഷം	യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം(ബിരുദം/തത്തുല്യം)

5	**പി.എച്ച്.ഡി/ഇന്റഗ്രേറ്റഡ് പി.എച്ച്.ഡി**	മൂന്നോ അതിലധികമോ	യോഗ്യതാ പരീക്ഷയിൽ 5 5 ശതമാനം മാർക്ക് നേടിയിരിക്കണം (ബിരുദം/ബിരുദാനന്തര ബിരുദം/തത്തുല്യം)
6	**മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ**	രണ്ടോ അതിലധികമോ	യോഗ്യതാ പരീക്ഷയിൽ 5 5 ശതമാനം മാർക്ക് നേടിയിരിക്കണം (ബിരുദം/തത്തുല്യം)

–

സീരിയൽ നമ്പർ ഒന്ന് മുതൽ നാല് വരെയുള്ള കോഴ്സുകൾക്ക് അർഹരായ വിദ്യാർത്ഥികൾ/അപേക്ഷകർ ഇല്ലാത്ത പക്ഷം മാത്രം ഐ. ഐ. ടി - കളിലെ സീരിയൽ നമ്പർ അഞ്ച് മുതൽ ആറ് വരെയുള്ള കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികളെ സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്.

2. <u>IIMs കോഴ്സ് വിവരങ്ങൾ</u>

Sl. No.	Course	Duration	Eligibility/ Selection Criteria
	പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ മാനേജ്മെന്റ്(പി.ജി.ഡി.എം,പി.ജി.ഡി.ബി.എ,പി.ജി.	രണ്ടോ അതിലധികമ	യോഗ്യതാ പരീക്ഷയിൽ 5 5 ശ

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:50 PM

1	പി, പി.ജി.പി.എം,എം.ബി.എ)	ോ വർഷം	തമാനം മാർക്ക് നേടിയിരിക്കണ ം (ബിരുദം/തത്തുല്യം)

3. Institute of Mathematical Sciences -Chennai(IMSc) **കോഴ്സ് വിവരങ്ങൾ**

Sl. No.	Course	Duration	Eligibility/ Selection Criteria
1	മാസ്റ്റർ ഒാഫ് സയൻസ് ഇൻ തിയറിറ്റിക്കൽ ഫിസിക്സ്,മാത്തമാറ്റിക്സ്, തിയറിറ്റിക്കൽ കമ്പ്യൂട്ടർ സയൻസ്,കമ്പ്യൂട്ടേഷണൽ ബയോളജി	5 വർഷ കോഴ്സ്	യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം (ബിരുദം/തത്തുല്യം)

4. Indian Institute of Science Bangalore(IISc) **കോഴ്സ് വിവരങ്ങൾ**

Sl. No.	Course	Duration	Eligibility/ Selection Criteria
1	എം.എസ്.സി (ലൈഫ് സയൻസ്)	2 വർഷം	യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം (ബിരുദം/തത്തുല്യം)
2	എം.എസ്.സി (കെമിക്കൽ സയൻസ്)	2 വർഷം	യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം (ബിരുദം/തത്തുല്യം)
3	മാസ്റ്റർ ഓഫ് ടെക്നോളജി (എം.ടെക്)	2 വർഷം	യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം (ബിരുദം/തത്തുല്യം)
4	മാസ്റ്റർ ഓഫ് ഡിസൈൻ (പ്രോഡക്ട് ഡിസൈൻ & എഞ്ജിനീയറിംഗ്	2 വർഷം	യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം (ബിരുദം/തത്തുല്യം)

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:50 PM

5	എം.ബി.എ/ മാസ്റ്റർ ഓഫ് മാനേജ്മെന്റ്	2 വർഷം	യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം (ബിരുദം/തത്തുല്യം)

ഒന്നു മുതൽ നാല് വരെയുള്ള കോഴ്സുകൾക്ക് വിദ്യാർത്ഥികൾ ഇല്ലാത്ത പക്ഷം മാത്രം അഞ്ചാമത്തെ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

അപേക്ഷിക്കേണ്ട രീതി:

1. *www.mwdscholarship.kerala.gov.in*-എന്ന വെബ് സൈറ്റിലെ "One-time registration."-ൽ ക്ലിക്ക് ചെയ്യുക
2. വെബ്സൈറ്റിൽ വിദ്യാർത്ഥിയുടെ പേര്, ആധാർ, ഫോൺ നമ്പർ തുടങ്ങിയ പ്രാഥമിക വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്ത ശേഷം ലോഗിൻ ചെയ്യുക.
3. വിദ്യാർത്ഥിയുടെ വ്യക്തി വിവരങ്ങൾ, ബാങ്ക് അക്കൗണ്ട്, സ്ഥാപനത്തിന്റെ വിവരങ്ങൾ എന്നിവ നൽകി പ്രൊഫൈൽ പൂർത്തിയാക്കുക. ശേഷം 'Add Qualification' മുഖേന മുൻകാല വിദ്യാഭ്യാസ യോഗ്യതകൾ ചേർക്കുക.
4. 'Apply For Scholarship' എന്നതിൽ ക്ലിക്ക് ചെയ്ത് സ്കോളർഷിപ്പ് തിരഞ്ഞെടുക്കുക.
5. Photo, Signature, SSLC certificate, Income certificate, Bank passbook, Offer letter, College ID card, ഡി.ഗ്രി/ബി.ഇ/ബി.ടെക് തുടങ്ങിയവയുടെ മാർക്ക് ഷീറ്റിന്റെ പകർപ്പ്, എന്നിവ അപ്ലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കുക.
6. അപേക്ഷ സമർപ്പിച്ചതിനു ശേഷം 'Submitted Applications' **select** ചെയ്ത് അപേക്ഷയുടെ തൽസ്ഥിതി പരിശോധിക്കാവുന്നതാണ്.

അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ

1. അപേക്ഷയുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. ഡി.ഗ്രി/ബി.ഇ/ ബി.ടെക് തുടങ്ങിയവയുടെ മാർക്ക് ഷീറ്റിന്റെ/സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
3. IIM/IIT/IISc/IMSc – കോഴ്സുകളിൽ പ്രവേശനം ലഭിച്ചത് തെളിയിക്കുന്ന രേഖകൾ (അഡ്മിഷൻ കാർഡ്, കോഴ്സ് ഫീസ് ഒടുക്കിയതിന്റെ രസീത്, ഐ.ഡി.കാർഡ് എന്നീ രേഖകൾ)
4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്.

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:50 PM

(പേര്, അക്കൗണ്ട് നമ്പർ, IFSC കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടെ).

5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ആധാർ കാർഡിന്റെ പകർപ്പ്
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് /മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്
8. വരുമാന സർട്ടിഫിക്കറ്റ്
9. റേഷൻ കാർഡിന്റെ പകർപ്പ്

അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. അപേക്ഷകൻ/അപേക്ഷക കേരളത്തിലെ ഏതെങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ആളായിരിക്കണം (മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ജൈന, പാഴ്സി, ബുദ്ധ).
2. അപേക്ഷകനും മാതാപിതാക്കളും കേരളത്തിൽ സ്ഥിര താമസക്കാരായിരിക്കണം.
3. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് മുൻഗണന. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. ഒരേ കുടുംബ വാർഷിക വരുമാനം വരുന്ന വിദ്യാർത്ഥികളിൽ നിന്നും ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥിയ്ക്കായിരിക്കും മുൻഗണന നൽകുക.
4. ഡി.ഗ്രി/ബി.ഇ/ബി.ടെക്/യോഗ്യതാ പരീക്ഷ പൂർത്തീകരിച്ചതിന്റെ കൺസോളിഡേറ്റഡ് മാർക്ക് ഷീറ്റിന്റെ കോപ്പി (ശതമാനം/ഗ്രേഡ് ഉൾപ്പെടെ) അപേക്ഷയോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
5. അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. സ്കോളർഷിപ്പ് തുക ട്രഷറിയിൽ നിന്നും ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ വഴി ടി അക്കൌണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതാണ്.

അവസാന തീയതി:

- വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: **30.11.2026**
- ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൌട്ടും മറ്റ അനുബന്ധ രേഖകളും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, നാലാം നില, തിരുവനന്തപുരം- 33, എന്ന മേൽ വിലാസത്തിൽ **05.12.2026** തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

File No. MWD/387/2026-S (Computer No. 208731)

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:50 PM

DEVIDAS N IAS

DIRECTOR

Generated from eOffice by AKHIL MURALI, SPV DMW, SPV DMW, Directorate of Minority Welfare on 04/11/2026 12:50 PM